**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ കാലടി പ്രകൃതി പഠനകേന്ദ്രം ഡിവിഷൻ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.ബാബു വിനോദ് - ന് സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.552/2025/F&WLD** **തീയതി,തിരുവനന്തപുരം, 18-12-2025**

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.6/2012/വനം തീയതി 14.02.2012.
2. ശ്രീ.ബാബു വിനോദ് സമർപ്പിച്ച 01.08.2024 - ലെ നിവേദനം.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.02.2025, 29.07.20025 തീയതികളിലെ ഇ3-8239/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ ഫോറസ്റ്റ് ഗാർഡായി സർവ്വീസിൽ പ്രവേശിച്ച ശ്രീ.ബാബു വിനോദ് - ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഗുരുതരമായ പരിക്കേൽക്കുകയും, ഇടതുകാൽമുട്ടിന് സ്ഥാനചലനം സംഭവിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷയുടെയും മെഡിക്കൽ ബോർഡിന്റെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്കായി തസ്തികമാറ്റം അനുവദിച്ച് ഉത്തരവായിരുന്നു.

2. ഫോറസ്റ്റ് ഗാർഡായി സർവ്വീസിൽ പ്രവേശിച്ച 04.01.2001 മുതൽ 8 വർഷം സർവ്വീസ് പൂർത്തിയാക്കിയതിന് 04.01.2009 പ്രാബല്യത്തിൽ 6680-10790 സ്കെയിലിലും 15 വർഷം സർവ്വീസ് പൂർത്തിയാക്കിയതിന് 04.01.2016 പ്രാബല്യത്തിൽ 27800-59400 സ്കെയിലിലും 22 വർഷം സർവ്വീസ് പൂർത്തിയാക്കിയതിന് 04.01.2023 പ്രാബല്യത്തിൽ 43400-91200 സ്കെയിലിൽ മൂന്നാമത് ഹയർ ഗ്രേഡും അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ശ്രീ.ബാബു വിനോദ്.കെ നല്കിയ അപേക്ഷ, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. The Rights of Persons with Disabilities Act, 2016 -ലെ വ്യവസ്ഥകൾ കണക്കിലെടുത്ത് സമയബന്ധിത ഹയർഗ്രേഡിന്റെ നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ടിയാന്റെ ഫോറസ്റ്റ് ഗാർഡ് തസ്തികയിലെയും, ക്ലാർക്ക് തസ്തികയിലെയും സേവനകാലയളവ് ഒന്നിച്ച് കണക്കാക്കി രണ്ടും, മൂന്നും സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ചു നൽകുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷാജി എ എം**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ.ബാബു വിനോദ് [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖാന്തരം].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
ധനകാര്യ (അഗ്രി-ബി) വകുപ്പ് (3276896 No.Agri-B2/288/2025-FIN തീയതി 27.11.2025 പ്രകാരം).

വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 18-12-2025 14:11:11